# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6103.

**07-11-2016 ൽ മറുപടിയ്ക്ക്**

## ചെറുകിട കൃഷിക്കാർക്ക് സൗജന്യ വൈദ്യുതി

**ചോദ്യം**
ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 30 സെന്റ് വരെയുള്ള ചെറുകിട കൃഷിക്കാർക്ക് വൈദ്യുതി സൗജന്യമായി നൽകുന്ന സംവിധാനം നിലവിലുണ്ടോ; | (എ) | സംസ്ഥാനത്തെ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം 01.08.1995 മുതൽ നെൽകൃഷിക്ക് പൂർണ്ണമായി ഭൂപരിധിയില്ലാതെയും 01.04.1997 മുതൽ രണ്ട് ഹെക്ടർ വരെയുള്ള എല്ലാ കാർഷിക വിളകൾക്കും വൈദ്യുതി സൗജന്യമായി നൽകുന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ട്. കാർഷിക വൈദ്യുതി കണക്ഷൻ നൽകുന്നതിന് കെ.എസ്.ഇ.ബി പാലിക്കുന്ന മാനദണ്ഡങ്ങൾ ഇപ്രകാരമാണ്.<br>(i) 30 സെന്റിൽ കുറയാതെ കൃഷിഭൂമി കൈവശമുള്ളവരും അതിൽ 75 ൽ കുറയാതെ വിളകൾ കൃഷി ചെയ്തിട്ടുള്ള കർഷകർ<br>(ii) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ<br>(iii) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്യുന്ന കർഷകർ<br>കാർഷിക വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ള കർഷകർ കൃഷി ഭവനിൽ വൈദ്യുതി സൗജന്യ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അപേക്ഷ നൽകുന്ന മുറയ്ക്ക് പദ്ധതി ആനുകൂല്യം നൽകി വരുന്നു. |
| (ബി) | ജൈവ പച്ചക്കറി കൃഷിയെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 10 സെന്റ് വസ്തുവിൽ ജൈവകൃഷി (ജൈവ പച്ചക്കറി) ചെയ്യുന്ന കൃഷിക്കാർക്കു കൂടി വൈദ്യുതി സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം 10 സെന്റിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ